# ചാരുദത്തം

( ജൂലിയസ്സീസർ എന്ന ഷേക്സ്പിയർ നാടകത്തിന്റെ
കഥകളിപരിഭാഷ )

സദനം കെ.ഹരികുമാരൻ, രചിച്ചത്

കഥാസംക്ഷിപ്തം

'ജൂലിയസ്സീസർ' എന്ന ഷേക്സ്പിയർ നാടകത്തിന്റെ ആട്ടക്കഥാ രൂപമാണ് 'ചാരുദത്തം. മഹാനാടകത്തിലെ എലാ സംഭാഷണങ്ങളേയും അതേ പടി തർജ്ജമ ചെയ്യുക എന്നത്,കഥകളിയുടെ'രാഗ,താള,നൃത്യപദ്ധതിക്ക് വഴങ്ങുന്നതും അനുയോജ്യവുമല്ല. പ്രധാന കഥാതന്തുവിനെ സൂക്ഷിച്ച്, പ്രധാനകഥാപാത്ര ങ്ങളെ മാത്രം ഉൾക്കൊള്ളിച്ചു കൊണ്ട് ഷേക്സ്പിയർ നാടകത്തിന്റെ അന്തസ്സത്തയെ കഥകളിയുടെ മുദ്രാംഗിത രൂപത്തിലേക്ക് എത്ര കണ്ട്ആവാഹിക്കാമെന്ന് അന്വേഷിക്കുകയാണിവിടെ. രൂപത്തിനു ഭാവം, ഭാവത്തിനു രസം എന്നുള്ളതു പോലെ ത്തന്നെ,ഭാവത്തിന് രൂപം, രൂപത്തിന് നാമം എന്നതും അത്യന്താപേക്ഷിതമാണ്. സീസർ എന്ന ഭാവത്തേയും അന്തസ്സത്തയേയും കഥകളിയിലേക്ക് വലിച്ചെടുക്കുമ്പോൾ, അതിന്റെ രൂപത്തിനും കഥകളിത്തം കൽപ്പിക്കേണ്ടി വരുന്നു. സീസറെ പച്ചയോ കത്തിയോ ആയി സാമാന്യവത് കരിക്കുകയും ചെയ്യേണ്ടി വരുന്നു. സ്വാഭാവികമായും കഥകളിത്തമുള്ള ഒരു നാമവും വ്യവസ്ഥത്ക്കരിക്കേണ്ടിവരുന്നു. ഇവിടെ അങ്ങിനെ വേണ്ടിവന്നിരിക്കുന്നു.

<u>സീസർ </u>എന്ന അന്തസ്സത്തയെ പച്ചയോ,കത്തിയോ ആയി നിശ്ചയിച്ചിട്ടുള്ളതു പോലെ<u>'ചാരുദത്തൻ'</u> എന്ന് നാമകരണവും ചെയ്തിരിക്കുന്നു. <u>ബ്രൂട്ടസ്സിന് 'ജയസേനൻ എന്നും, മാർക് ആന്റണിക്ക് കീർത്തിഭദ്രൻ എന്നും കാഷ്യസ്സിന്</u> <u>ദണ്ഡീ</u> യെന്നും പേരു നൽകി. മറ്റു സന്ദർഭങ്ങളിൽ വരുന്ന കഥാപാത്രങ്ങൾക്കും കഥകളീയമോ, കേരളീയമോ, ആയ പൗരാണിക നാമങ്ങൾ കൽപ്പിച്ചിരി ക്കുന്നു. കഥാകൃത്ത്എടുത്ത ഒരു മൗലിക സ്വാതന്ത്ര്യമാണിത്.

രംഗത്ത് പ്രത്യക്ഷപ്പെടാത്ത ഒരു ശത്രുവിനെജയിക്കുകയോ കൊല്ലുകയോ ചെയ്ത് വിജയശ്രീലാളിതനായിവരുന്ന ചാരദത്തന്റെ വിജയോത്സവമാണ് ആദ്യരംഗത്തിൽ. വിജയത്തിലൂടെ തനിക്ക് ലഭിച്ച ആഭരണധനാദികൾ അദ്ദേഹം പാവങ്ങൾക്ക് ദാനം ചെയുന്നു. ഉറ്റമിത്രമായ കീർത്തിഭദ്രൻ, ചാരുദത്തന്,ഒരുകിരീടം പലതവണസംഭാവനചെയ്യുമ്പോഴും വിനയം മൂലമോ അഹന്തമൂലമോ അത് നിരാകരിക്കുന്നു. ചാരുദത്തനെ ചക്രവർത്തിയാക്കുവാൻ ഭരണകൂടം തീരുമാനിക്കുന്നു.

ദണ്ഡീ എന്ന ഒരു പ്രമുഖൻ ചാരുദത്തന്റെ അഭ്യുന്നതികളിൽ അസൂയാലുവായി ത്തീരുന്നു. ചാരുദത്തന് വിരുദ്ധമായി പ്രവർത്തിക്കുവാൻ, രുദ്രകൻ, പിണ്ഡാരകൻ എന്നീ പ്രമുഖരെ ദണ്ഡീ സജ്ജരാക്കുന്നു. എന്നാൽ പ്രജാതൽപ്പരനും നീതിമാനു മായ, ജയസേനനെ സ്വാധീനിച്ചാൽ മാത്രമേ പദ്ധതി വിജയിക്കുകയുളൂവെന്ന് അദ്ദേഹം ആലോചിച്ചറിയുന്നു. ജയസേനനെ ബുദ്ധിമഥനം (brain wash) നടത്തി, ചാരുദത്തവിരോധിയാക്കുകയും ചെയ്യുന്നു. അഭിഷേകത്തലേന്ന് ചാരുദത്തന്റെ പത്നിയായ മാലതി, ദുസ്വപ്നം കണ്ടുണരുന്നു. തന്റെ ദുസ്വപ്നം മൂലം പരിഭ്രാന്തയായ അവൾഅഭിഷേകത്തിൽനിന്ന് ചാരുദത്തനെ വിലക്കാൻ ശ്രമിക്കുന്നു. പക്ഷെ ചാരുദത്തൻ നിർബന്ധബുദ്ധ്യാ അഭിഷേകത്തിന് പോകുന്നു.

അഭിഷേകച്ചടങ്ങുകൾക്കു പകരം ചാരുദത്തൻ ക്രൂരമായി വധിക്കപ്പെടുന്നു. ജയസേനൻ, ദണ്ഡീ തുടങ്ങിയവർ തന്റെ ചെയ്തികളെ ന്യായീകരിക്കുന്നു. എന്നാൽ ഹത്യാമുഹൂർത്തങ്ങളിൽ ചാരുദത്ത സവിധത്തിലില്ലായിരുന്ന കീർത്തിഭദ്രൻവന്ന്ചാരുദത്തനെക്കുറിച്ചു വിലപിക്കുന്നു. കീർത്തിഭദ്രനേയും കൊല്ലു വാൻ ദണ്ഡീ മുതലായവർ തുനിയുന്നു. പക്ഷെ, ജയസേനൻ വിലക്കുന്നു. കീർത്തി ഭദ്രന്റെ ശക്തമായ ഭാഷണങ്ങളിൽ പ്രജകൾ ഇളകിവശാവുകയും, കൊല യാളികൾ ക്കെതിരായി തിരിയാൻ തുനിയുകയും ചെയ്യുന്നു. കൊലയാളികൾ രാജ്യം വിട്ടോടുന്നു. ദണ്ഡിയും ജയസേനനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നു. എങ്കിലും അവർ സൗഹൃദം ഉറപ്പുവരുത്തുന്നു. ചാരുദത്തസുഹൃത്തായ ചൈതന്യനും കീർത്തിഭദ്രനും ജയസേനനോടും ദണ്ഡിയോടും വാഗ്വാദം ഉണ്ടാക്കുന്നുവെങ്കിലും പടക്കളത്തിൽ വച്ചുകാണാമെന്നു പറഞ്ഞ് പിരിയുന്നു. ചതിപ്രയോഗത്തിലൂടെ ചൈതന്യനേയും കീർത്തിഭദ്രനേയും കീഴ്പ്പെടുത്താനൊരുങ്ങുന്നപിണ്ഡാരകനേയും രുദ്രകനേയും അവർ ബന്ദിയാക്കുന്നു.

തന്റെ പങ്കാളികളെല്ലാം കഴിഞ്ഞുപോയെന്നും താൻ ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടുവെന്നും അറിഞ്ഞ ദണ്ഡീ, ചാരദത്തനെ കൊന്ന വാളുകൊണ്ടുതന്നെ സ്വയം മാറിൽ കുത്തി മരിക്കുന്നു. ഇതു കണ്ടുവന്ന ജയസേനൻ, താനും ശത്രുക്കളാൽ ചുറ്റപ്പെട്ടെന്ന് മനസ്സിലാക്കുകയും, ചാരുദത്തനെ കൊന്നവാളുകൊണ്ടുതന്നെ സ്വയം മരണം വരിക്കുകയും ചെയ്യുന്നു.

മരിച്ചുകിടക്കുന്ന ദണ്ഡിയേയും ജയസേനനേയും കണ്ട് കീർത്തിഭദ്രനും, ചൈതന്യനും, നടുങ്ങുന്നു. അവർ പരേതാത്മാക്കളുടെ ഉദകക്രിയ നടത്തുന്നു.

സദനം. കെ. ഹരികുമാർ

<u>രംഗം : ഒന്ന്</u>

രാഗം : ഭൈരവി : താളം : ചെമ്പട.

സീമാതീത യശസ്വിയായ് പ്രബലരാമാജന്മശത്രുക്കളെ,
ത്താനൊറ്റയ്ക്കു ജയിച്ചു നേടിയ ധനം ദീനർക്കു ദാനം കൊടു
ത്തീടും ഭൂപതി ചാരുദത്തനചിരാൽ തൻ പാതിദേഹത്തൊടും
വന്നെത്തീനിജ രാജ്യമണ്ഡപമതിൽ തൻമിത്ര വൃന്ദത്തൊടും.

തിരശീല താഴ്ത്തുമ്പോൾ ചാരുദത്തൻ നടുവിൽ പത്നി മാലതീസമേതനായി നിൽക്കുന്നു.വലതുവശം മുമ്പിൽ കീർത്തിഭദ്രൻ ഇരിക്കുന്നു,ഇടതു വശത്ത് ജയശേനൻഇരിക്കുന്നു നിൽക്കുന്നു.പിന്നിൽ പിണ്ഡാരകനും രുധ്രകനും നിൽക്കുന്നു. തിരതാഴ്ത്തി തൃപുട തുടങ്ങുന്നു. ചാരുദത്തൻ നടുവിൽ താണുനിന്ന് (ആലോചിച്ച്കൃതാർത്ഥത നടിച്ച്) ഇടതുവശം ജയസേനനെ കണ്ട് രണ്ടുകാൽ തൂക്കിവച്ച് സമീപത്തുചെന്ന് കൈപിടിച്ച് സന്തോഷം നടിച്ച്"അല്ലയോ ആത്മമിത്രമേ, താങ്കൾ എല്ലായിപ്പോഴും എന്നോടൊപ്പം ഉണ്ടായാലും". വീണ്ടും ജയസേനന്റെ കൈ പിടിച്ച് തന്റെ സ്നേഹം പ്രകടിപ്പിക്കുമ്പോൾ ജയസേനന്റെ അനുസരണകേട്ട്,കൈ വിട്ട് രണ്ടുകാൽ പിന്നോക്കം മാറി താണു നിന്ന് വലതുവശം കീർത്തിഭദ്രനെ കാണുന്നു. രണ്ടുകാൽ മുമ്പിലേക്ക് നിരക്കിവച്ച് കീർത്തിഭദ്രന്റെ സമീപത്ത് ചെന്ന് കൈ പിടിച്ച് സൗഹൃദം നടിച്ച്"എടോ ആത്മസുഹൃത്തേ, താങ്കൾ എല്ലായിപ്പോഴും എന്നോടൊപ്പം വസിച്ചാലും",എന്നുകാണിച്ച് വീണ്ടും തന്റെ മിത്രത്തിന്റെ കൈ പിടിച്ച് ആത്മാർത്ഥത പ്രകടിപ്പിക്കുമ്പോൾ കീർത്തിഭദ്രന്റെ അനുസരണ മനസ്സിലാക്കി കീർത്തിഭദ്രനെ ഇടതുവശത്ത് ജയസേനന്റെ സമീപത്തേക്കു മാറ്റി നിർത്തി, പിന്നിലേക്കുവന്ന് താണുനിൽക്കുന്നതോടെ തൃപുട രണ്ടാം കാലം തുടങ്ങുന്നു. പിന്നിൽ നിന്നിരുന്ന ദണ്ഡീ മുൻപിലേക്കു വരുന്നു. ചാരുദത്തൻ ദണ്ഡിയെ ആപാദചൂഡംനോക്കി വിലയിരുത്തിയ ശേഷം കീർത്തിഭദ്രനോട്"ഇവന്റെ മുഖത്ത്എല്ലായിപ്പോഴും കളവ്(വിശപ്പ്) ശോഭിച്ചു കാണുന്നു, ഇവന് സംഗീതത്തിൽ ഒട്ടും താൽപര്യമില്ല. ഇങ്ങിനെയുള്ളവരെ വിശ്വസി ക്കാൻ പറ്റില്ല. (മറ്റാരും ഇത് ശ്രദ്ധിക്കുന്നില്ല.) വീണ്ടും കാലം മുറുകുന്നു. കപ്പം കിട്ടിയ ധനവും ആഭരണങ്ങളും പ്രജകൾക്ക് ദാനം ചെയ്യുന്നു. എല്ലാവരും ഒന്നിച്ച് രംഗത്തു നിന്നും നിഷ്ക്രമിക്കുന്നു. എന്നാൽ ദണ്ഡീ ജയസേനന്റെ കൈയ്ക്കു കടന്നു പിടിക്കുന്നതോടെ ഒരു 'കിടധിംതാം'

ദണ്ഡി: "എനിക്ക് താങ്കളോട് അല്പം കാര്യങ്ങൾ പറയാനുണ്ട്".
ജയസേനൻ: "എന്താണത്?"
ദണ്ഡി " .പറയാം ,കേട്ടാലും." ശ്ലോകം ചൊല്ലുന്നതനുസരിച്ച് ദണ്ഡീ വട്ടം വച്ച്പദം ചൊല്ലിയാടുക.

ശ്ലോകം

ചാരുദത്ത ഹൃദയം പകുത്ത ജയസേനനെന്ന സഖനോടുടൻ
ഹൃത്തടത്തിലെരിയുന്ന~മർഷമതുകാട്ടിടാതെ മുഖമണ്ഡലേ,
ചാരുസുസ്മിതമണച്ചു വന്നുടനണഞ്ഞു ദണ്ഡി ,ജയസേനനാം
നീതി നിഷ്ഠനവനോടു തൻ ചതുര ഭാഷിതങ്ങളുമുരക്കയായ്.

ദണ്ഡീ:

ആരറിവാൻ ജയസേനാ മാമക മാനസ വ്യാകുലത നിൻഫാലേ
അഭിഷേകാംബുകണക്കെയൊഴുകും സ്വേദജലധാര കാൺകെ
മകുടംചൂടേണ്ടതു തവ മൂർദ്ധാവെന്നു പറഞ്ഞില്ലേ നിൻമുകുരം
ചങ്ങാതിയവൻ കണ്ണാടിയുമെന്നെങ്കിൽ നിന്നെ കാൺകെന്നിൽ

ജയസേനൻ: രാഗം: ഹിന്ദോളം, താളം: പഞ്ചാരി.

ചാരുദത്തനെൻ സഖൻ സഹോദരസമൻ മഹീത-
ലം ഭരിപ്പതിന്നു യോഗ്യനായ് ജനിച്ചവൻ
എത്ര ശൈലശൃംഗമെന്റെ കൈകൊരുത്തു കേറിയോൻ
എത്രവട്ടമാഴിയിൽ മദിച്ചു നീന്തിയോൻ

എത്രകാട്ടിൽ ഞാനുമൊത്തു വേട്ടയാടിയാർത്തവൻ ച-
തിപ്പതിന്നറിഞ്ഞിടാത്തവൻ ധീരമാനസൻ.
ആഴിചൂഴുമൂഴിതന്റെ ഭരണമിവനു നൽകിടാൻ
തുനിയുമോ സഭയുമെന്നു ഭീതനാണഹം
മിത്രമോ ധരിത്രിയോ പ്രമാണമെന്നു കേൾക്കുകിൽ ധ-
രിത്രിയാണെനിക്കു സർവഥാ മഹത്തമം.

( പിണ്ഡാരകനും,രുദ്രകനും പ്രവേശിക്കുന്നു. )

ദണ്ഡീ : തോഴൻ തന്നുടെ ചുമലിൽ മന്നു ഭ
രിക്കും ഭാരം വച്ചെന്നാലും
ചെങ്കോലും സിംഹാസനവും പൊൻ
മുടിയും നൽകാനൊട്ടുമടിക്കും
മന്നവനാകാനെന്തും ചെയ്യും
ചാരുദത്തനോ നീ ശുഭകാംക്ഷി
( കാലം തള്ളി)
ഉന്നതനവനെക്കാൾ നീ
ഊർജ്ജിതനവനെക്കാൾ നീ
നിജബലമറിയാത്താന കണക്കെ
കഴിയരുതേ ജയസേനാ നീ

രുദ്രകൻ: രാഗം : ധന്യാസി താളം : തൃപുട

ക്ഷേത്രങ്ങളിൽ തന്റെ ചരിത്രങ്ങളെഴുതിച്ചും
പാർത്ഥിവന്മാരാൽത്തൻ കീർത്തനം പാടിച്ചും
മിത്രങ്ങളാൽ ഛത്ര ചാമരം വീശിച്ചും
പാർത്തലത്തിൽധൂർത്ത നർത്തനമാടിയും
ആർത്തുതിമർക്കും നൃപന്നു വലംകയ്യാ-
യുള്ള നീ രാജ്യത്തിൻ ദ്രോഹിയോ സ്നേഹിയോ?

(ചെമ്പടയിലേക്കു മാറി)

കൂട്ടുപിടക്കരുതേ ദ്രോഹക്കൈ
കോർത്തു നടക്കരുതേ
ധരണീ രക്ഷക്കായ് ജയസേനാ
നീതാൻ കച്ച മുറുക്കേണം.

പിണ്ഡാരകൻ:രാഗം : ഗംഭീരനാട്ട. താളം: മുറിയടന്ത

നനയാതെ യീറൻ ചുമക്കരുതേ
പടുപണി പഴുതേ നീ യെടുക്കരുതേ
വാഴേണ്ടവർ വാണീടായ്കിൽ കസേരയിൽ
കഴുവേറി വാഴുമെന്നറിവീലയോ

(ചെമ്പടയിലേക്കുമാറി)

അഭിഷേകോത്സവമിവനുടെ നിര്യാ-
ണോത്സവമാക്കീടേണം നാം
ധരണീ രക്ഷക്കായ് ജയസേനാ
നീ താൻ കച്ച മുറുക്കേണം.

ജയസേനൻ: അല്ലയോ, ദണ്ഡീ, ഞാൻ ജീവനുതുല്ല്യം സ്നേഹിക്കുകയും

എന്നെ വിശ്വസിക്കുകയും ചെയ്യുന്ന എന്റെ ആത്മമിത്രത്തിനെ ഞാനെങ്ങിനെ വധിക്കും?... എനിക്കു സാദ്ധ്യമല്ല.
ദണ്ഡീ : നീ തനിച്ചല്ല ഞങ്ങൾ നിന്നോടൊപ്പമുണ്ട്.പ്രജകളുടേയും രാജ്യ ത്തിന്റേയും ക്ഷേമത്തിന്ന് അവന്റെ മരണം അനിവാര്യമാണ്.
പിണ്ഡാ: അഭിഷേകദിവസം നമുക്കവനെ വധിക്കുക തന്നെ വേണം. ഇതൊരു വധമല്ല, ഒരു ബലിയാണ്. രാജ്യരക്ഷക്കു വേണ്ടി അവനൊരു ബലിമൃഗമാകുന്നത് അവന്റെ ഭാഗ്യമാണ്.
ജയ : നിങ്ങൾ എന്നെ ചതിക്കുമോ?
രുദ്ര : ഇല്ല, തീർച്ച, നിനക്കു ഞങ്ങളെ വിശ്വസിക്കാം.( എല്ലാവരും ഉറപ്പു നൽകുന്നു)
ജയ : എന്നാൽ നമുക്കവനെ വധിച്ച് രാജ്യത്തെ രക്ഷിക്കുക തന്നെ വേണം.
(ദണ്ഡിയുടെവലതു കയ്യിൽ എല്ലാവരും സത്യം ചെയ്യുന്നു. ദണ്ഡിയും സത്യം ചെയ്യുന്നതോടെ എലാവരും ചേർന്ന് ചാടി തീരുമാനത്തിൽ സന്തോഷം പ്രകടിപ്പിക്കുന്നു. )
ജയ : എന്നാൽ നമുക്ക് ഇപ്പോൾ പിരിയുകയല്ലേ?
ദണ്ഡീ : അപ്രകാരം തന്നെ.
(എല്ലാവരും രംഗത്തുനിന്ന് പിൻമാറുന്നു.)
ജയസേനൻതിരിഞ്ഞ്രംഗത്ത്പ്രവേശിച്ച്ചാരുദത്തനോടുള്ള ക്രോധാവേശത്താൽ വാളുമെടുത്ത് പുറപ്പെടുവാൻ തുടങ്ങുമ്പോൾ, ജയസേനന്റെ പത്നി ചാരുലത തടഞ്ഞ്, തന്റെ പതിയുടെ ഈ വിധ മാറ്റത്തെ ചോദ്യം ചെയ്യുന്നു.
വിരുത്തം പോലെ പദം പാടയന്നു. ഏകതാളവും പിടിക്കണം.
ചാരുലത
രാഗം ഖരഹരപ്രിയ
നാഥാ കരളിൽ കരളും നിനവെന്തേ
നീ വിയർത്തതെന്തേ വിളർത്തതെന്തേ വിറകൊള്ളുവതെന്തേ
രഹസ്യമോതിയതെന്തേ
വന്നവരോടിയൊളിച്ചതുമെന്തേ

ജയസേനൻ

എന്നുടെ ഏകാന്തതയിൽ വെറുതേ അരുതേ യീവിധ ചോദ്യങ്ങൾ
ചെന്നുടനേ നീ അന്തപ്പുരമതിൽ വാഴുക എന്നെ വെടിയുക നീ

ചാരുലത
പാതിമനം ഞാൻ പാതിയുടൽ ഞാൻ
നിന്നുടെ മനമറിയാതൊന്നുമഹോ
ഇല്ലിന്നലെയോളം.
പരിവർത്തനമീ വർത്തനമിതിനു ഭ-
വിച്ചതുമത്ഭുതമേ

ജയസേനൻ

ചെന്നുടനേ നീ അന്തപ്പുരമതിൽ വാഴുക എന്നെ വെടിയുക നീ

പദാവസാനം ജയസേനൻ ചാരുലതയെ ആലിംഗനം ചെയ്ത് പദം പാടുന്നതനുസരിച്ച് ഒറ്റക്കാൽ ചവിട്ടി അന്തപ്പുരത്തിലേക്കെന്നനിലയിൽ പോകുന്നു.

രംഗം : 2

( തിരശീലതാഴ്ത്തുമ്പോൾ ചാരുദത്തന്റെമടിയിൽ തലവച്ച് മാലതി കിടന്നുറങ്ങുന്നു. പതിഞ്ഞ 'കിടധിംതാം'.

കിടധീംതാ'മിന്റെഅവസാനം ദുസ്വപ്നം കണ്ടുണർന്നമാലതി പരിഭ്രമിച്ച് എഴുന്നേറ്റ് അങ്ങുമിങ്ങും ഓടുന്നു. കാര്യമെന്തെന്ന് മനസ്സിലാകാതെ ചാരുദത്തൻ പത്നിയെ ആലിംഗനൻ ചെയ്ത് പദം തുടങ്ങുന്നു.)
ശ്ലോകം രാഗം : തോടി താളം : ചെമ്പട.

സായം സന്ധ്യ കഴിഞ്ഞു വീണിതഭ്രമതിലന്നഞ്ചാതെ ചണ്ഡാംശുമാൻ
നീളും നിദ്ര കൊതിച്ചു പശ്ചിമഗിരീ ശൃംഗങ്ങൾ തൻ ഗോപുരം
താവും മേഘ വിരിപ്പുലഞ്ഞശയനേ വീണോരു യാമങ്ങളിൽ
രാഗാനന്ദിതയായ തൻരമണിയോ ടൻപോടു ചൊന്നാൻ നൃപൻ.

ചാരു : പ്രാചിയിലുഷ വന്നിടും മുമ്പെന്തിനായുണർന്നീതു നീ
ഇന്നെനിക്കു കിരീട ധാരണമെന്നു നണ്ണി യുണർന്നിതോ

ചാരുലത : രാഗം : ഹംസാനന്ദി. താളം ; ചെമ്പ.

വേണ്ടാ നിനക്കിതു രാജൻ, ബഹുമതിയല്ലിതൊരവമതി യല്ലോ.
മുക്താരങ്ങളിൽ നിന്നു സഹസ്രംനാഗ ഫണങ്ങളുതിർന്നതു നിന്നുടെ
ഗാത്രം കൊത്തിക്കീറീടുന്നതുംരത്ന കിരീടം മുൾമുടിയായ് തവ
ശീർഷം പേറീടുന്നതുംമന്ത്ര ജലങ്ങൾ വിഷമയമായ് തനു
പൊള്ളിക്കുന്നതു കനവിൽ കണ്ടേനിഹ ഞാൻ.

ചാരുദത്തൻ : രാഗം ; കാമ്പോജി  താളം :ചെമ്പ.

സ്വപ്നങ്ങളോർത്തൊരു രാജൻ ചരിക്കുമോ
സ്വപ്നാർത്തയായൊരു രാജ്ഞീ കരയുമോ
അപകടത്തെക്കാളപകടകാരിയീ
ചാരുദത്തനെന്ന സത്യം മറന്നുവോ

(പദാവസാനം ഒരു ഭടൻ ഇടതു വശത്തുകൂടി പ്രവേശിച്ച്ദത്തനെവണങ്ങിയശേഷം
പദം .ആദ്യ രണ്ടുവരീ വിരുത്തം പോലെ)

രാഗം : മോഹനം  താളം ; ചെമ്പട

കാത്തുവസിപ്പൂ പ്രമാണിമാരാം നാടുവാഴികൾ നിന്നെ ഭൂപാ
ഘോഷമുഹൂർത്തങ്ങൾ തെറ്റീടുകിലാപത്തായിത്തീർന്നിടുമല്ലോ

ചാരുദത്തൻ രാഗം ; കേദാരഗൗള  താളം ; ചെമ്പട

മാറ്റുക മറ്റൊരു മുഹൂർത്തമതിലേക്കെന്നഭിഷേകോത്സവ ഘോഷം
എന്നുള്ളെന്നുടെയുത്തരവുടനെചൊല്ലുക പ്രമാണിമാരോടും.

ദൂതൻ : ഹേതുവെന്തെന്നാരായുകിൽ ഞാൻ
ചൊല്ലീടേണ്ടതു ചൊല്ലുക നീ

ചാരുദത്തൻ : ദുസ്വപ്നം കണ്ടുൾക്കിടിലത്താൽമാലതിയേറ്റം ക്ലേശിപ്പൂ
മാലതി തന്നുടെയിംഗിതമെന്നുടെയിംഗിത മെന്നതു മറിയുക നീ

ദൂതൻ : രാഗം ;നീലാമ്പരീ  താളം :ചെമ്പ

ഭാര്യക്കു സ്വപ്ന മുണ്ടായതു കാരണംമാറ്റിവക്കാമിന്നഭിഷേകമെങ്കിലോ
കാത്തിരിക്കാമിനി മറ്റൊരു സ്വപ്ന മു-ണ്ടായഭിഷേകം നടത്തുവാൻ നാമെടോ
എന്നുപ്രമാണിമാ രാർത്തു ചിരിപ്പതുനന്നോ-അരുതെനിക്കോർത്തീടുവാൻ
(അവസാനത്തെ വരീ വിരത്തം പോലെ)

ചാരദത്തൻ :ഞാനൊരക്കമായുടനെ വരുവായെന്നുടനെ ചെന്നോതുക നീയും.

( മാലതിയുടെ അഭ്യർത്ഥന മാനിക്കാതെ ചാരുദത്തൻ അഭിഷേകത്തിന്
ഒരുങ്ങി പ്പുറപ്പെട്ടുപോകുന്നു )

രംഗം : 3

പ്രാണൻ കാത്തിടുവാൻ മനോജ്ഞയവൾ തൻ കെഞ്ചുന്നൊരഭ്യർത്ഥന-
ക്കേതും മാനസമേകിടാതെയഭിഷേകോത്സാഹ വീര്യത്തൊടും
മുൻപും പിൻപുമതോർത്തിടാതെയരചൻ തൻവേഷമാടിത്തിമർ-
ത്തീടാൻ മോഹമദാന്ധനായ്യുടനവൻ ചെന്നൂ വിഭാഗ്യൻ നൃപൻ

ധണ്ഡിക്കുത്സവമായി മാനസമതിൽ ദത്തന്റെയദ്ധ്യം നിന
ച്ചമ്പിൽ താൻ നിരൂപിച്ച പോലെയഖിലം വന്നൂ ഭവിച്ചെന്നതും
ധർമ്മം കാക്കുവതിന്നു തോഴനവനെ കൊന്നീടുവാനും മതി
എന്നോർത്തിട്ടു കൃപാണമേന്ധി ജയസേനൻ ചിത്തലോലൻ ദൃഢം

( രംഗത്ത് അഭിഷേകത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരിക്കണം.സിംഹാസനം, പട്ടുകുട, മറ്റലങ്കാരങ്ങളുംകൊണ്ട് രംഗം ശോഭായമാനമാക്കണം.)
രംഗത്തിനു മുൻപിൽ നിന്ന് ജയസേനൻ, ദണ്ഡീ, പിണ്ഡാരകൻ, രുദ്രകൻ എന്നിവരുടെ അകമ്പടീയോടെ ചാരുദത്തനെ വേദിയിലേക്ക് ആനയിക്കുന്നു. ചാരുദത്തൻ ഉത്സാഹിയായി നടുവിലും, മറ്റുള്ളവർ ഇരുവശത്തുമായി തൃപുട മേളത്തോടൊപ്പം രംഗത്തിലെത്തി മുമ്പിലുള്ള തന്റെ പ്രജകളോട് ആദരവ് പ്രകടിപ്പിച്ച ശേഷം ചാരുദത്തൻ സിം ഹാസനത്തിൽ ഉപവിഷ്ടനാകും മുമ്പ് പിണ്ഡാരകൻ ദത്തനെ കുമ്പിടുകയും ദത്തൻ അനുഗ്രഹിക്കുകയും ചെയ്യുന്നു. തൃപുട താളം ക്രമേണ മുറുകുന്നു. ചാരുദത്തൻ സിംഹാസനത്തിൽ ഇരുത്തുന്നതിനു മുൻപായി - ഉരുളുകയ്യോടെ- പിന്നിൽ നിന്ന് വാളുകൊണ്ട് പിണ്ഡാരകൻ ചാരുദത്തനെ കുത്തുന്നു. അവിചാരിതമായ ചതിയിൽ വേദനയും ക്രോധവും പൂണ്ട ചാരുദത്തൻസ്വന്തം വാളുമായി എതിരാളിയെ നേരിടുവാൻ ശ്രമിക്കുമ്പോൾ രുദ്രകൻ വീണ്ടും കുത്തുന്നു. മുന്നോട്ടാഞ്ഞ ചാരുദത്തനെ വലത്തുഭാഗത്തുനിന്നും ദണ്ഡിയും കുത്തുന്നു. വീണ്ടും പിണ്ഡാരകൻ പിന്നിൽ നിന്നു കുത്തുമ്പോൾ ദത്തൻ ഇടതു ഭാഗത്തു നിൽക്കുന്ന തന്റെ മിത്രമായ ജയ സേനന്റെ സമീപത്തേക്കു ചെല്ലുന്നു. ജയസേനനും ചാരുദത്തന്റെ മാറിൽ ആഞ്ഞു കുത്തുന്നു. പെട്ടെന്ന് ജയസേനന്റെ കൈക്കു കടന്നു പിടിക്കുന്ന ചാരുദത്തൻ, വിശ്വസിക്കാൻ പറ്റാത്ത വിധത്തിൽ ജയസേനനെ നോക്കിക്കൊണ്ട് ......നീ.....യും...നീയും...എന്നു കാണിച്ച് രംഗത്തിലെ വിളക്കിനു സമീപത്തായി വീണ് മരിക്കന്നു. ആസൂത്രിത ചതിയിൽപ്പെട്ട് ജീവൻ നഷ്ടപ്പെട്ട ചാരുദത്തന്റെ ചലനം നിലച്ച ജഡത്തിനു ചുറ്റും നിന്ന് നാൽവരും ആനന്ദനൃത്തം ചെയ്യുന്നു. (തൃപുടയിൽ പരന്തുകാൽ) അതി ദാരുണമായ ഈ രംഗം കണ്ട് ഇതികർത്തവ്യതാമൂഢരായിരിക്കുന്ന പ്രജകളെ നോക്കി, ജയസേനൻ:
“ അല്ലയോ പ്രജകളെ, ഈ ദുഷ്ടനെ ഞങ്ങൾ വധിക്കുവാനുള്ള കാരണം പറയാം. വഴിപോലെ കേട്ടാലും” (നാലാമിരട്ടി അവസാനം പദം; )

രാഗം : പന്തുവരാളി      താളം ; മുറിയടന്ത.

ജയസേനൻ ; കാൽച്ചുവട്ടിൽ രാജ്യലക്ഷ്മിയെ കിഴ്പ്പെടു-
ത്തീടാനനുവാദമേകുകില്ലിവനു ഞാൻ
സ്നേഹനിധി യെന്നോടിവനെന്നുമെങ്കിലും,രാജനല്ല,രാജ്യമാണെന്റെയീശ്വരൻ

ദണ്ഡീ:

സോപ്ച്ചാപതിയിൽ നിന്നു ഭൂമിയെരക്ഷിച്ചിതു ഞങ്ങൾ
ഭണ്ഡാരങ്ങളിലുള്ളധനങ്ങൾധൂർത്തു കളഞ്ഞും തിന്മ വിതച്ചും
ആരുടെ മതവും കൂട്ടാക്കാതെഭരിച്ചോരിവനുടെയന്ത്യം ഭാഗ്യം

രുദ്രകൻ :

മന്നനായ് മന്നു ഭരിപ്പാൻപിറന്നവൻപൊന്നിൻ കിരീടം
ചുമക്കാൻതുനിഞ്ഞവൻ
ഖിന്നത നാടിനു നൽകാൻ കിണഞ്ഞവൻ
ഇവനുടെയന്ത്യമീ ധരണി തൻ ഭാഗ്യം.

പിണ്ഡാരകൻ :
വാളാൽ തൂക്കുമരത്താൽ ഭൂമി ഭ-രിച്ചു  മുടിച്ചവനിവനേ നാടുന-
ശിക്കേ യരമനയിൽ പൊൻവീണ പ-ഠിപ്പവനിവനുടെ യന്ത്യം ഭാഗ്യം.

മേൽപ്പറഞ്ഞ വിധത്തിൽ ഓരോരുത്തരും ചാരുദത്തനിൽ കുറ്റമാരോപിച്ചു
കൊണ്ട് അവരവരുടെ ന്യായീകരണങ്ങൾ നിരത്തുന്നു.

ഈ സമയം കീർത്തിഭദ്രൻ അവിടേക്ക് ഓടിയെത്തുന്നു. തന്റെ
ആത്മമിത്രത്തിന്റെ രക്തത്തിൽ കുളിച്ച ചലനമറ്റ ശരീരം കണ്ട് വിലപിച്ചു
കൊണ്ട് മുന്നോട്ടടുക്കുന്ന കീർത്തിഭദ്രനെ ദണ്ഡീ തടയുക യും
വധിക്കാനായി വാളോങ്ങുകയും ചെയ്യുന്നു. "അരുത്...അരുത്" എന്ന്
ജയസേനൻ ദണ്ഡിയെ വിലക്കുന്നു. കീർത്തിഭദ്രൻ "എനിക്ക് എന്റെ മിത്ര
ത്തിന്റെ സമീപമിരുന്ന് വിലപിക്കുവാൻ ഒരവസരം തരൂ"
എന്ന് നാൽവരോടും യാചിക്കുന്നു. ദണ്ഡീ ( ജയസേനനോട്)" ഇവനെ
ഇപ്പോൾ കൊന്നില്ലെങ്കിൽ നമുക്ക് ദോഷമായിത്തീരും." (ദണ്ഡീ വീണ്ടും
വാളോങ്ങുന്നു.) ജയസേനൻ( തടഞ്ഞിട്ട്)" മരിച്ചവന്റെ കയ്യും കൂടി
എന്തിനു മുറിക്കണം? ഇവൻ യഥേഷ്ടം വലപിക്കട്ടെ. നമുക്കു
പോകാം."ജയസേനനും ദണ്ഡിയും പിണ്ഡാരകനും രുദ്രകനും പിൻമാറുന്നു.
കീർത്തിഭദ്രന്റെ വിലാപപദം.ാ

രാഗം : ഗൗളിപന്ത്    താളം : ചെമ്പട

ഹാ ഹാസഖേ വിട്ടുപോയിതോ നീ മമഹാ ചാരുദത്താ സഖേ
ധരണിയിലാലംബ ഹീനനായ് രക്താഭി-
ഷിക്തനായ് പിടിവിട്ടു പോയോരു വാളുമായ്
എന്തു ബന്ധമീദൃശം ശയിച്ചീടുവാൻ?(ഹാ..ഹാ)

ധർമ്മിഷ്ഠനിവനുടെ പ്രേമം രുചിക്കും
രുധിര പാനം ചെയ്ത ഖഡ്ഗങ്ങളേന്തുവോർ
ധർമ്മമിതെന്നു ശഠിക്കവേയെതിരോക്കീ
ചൊൽവനോ ഘാതകർ അഭിജാതരല്ലയോ?

കാപ്പുകൾ കപ്പവും കൽപ്പക വാടിയം
കൽപ്പിച്ചു നിങ്ങൾക്കു നൽകുവാൻ മുദ്രിത
മായവിളംബരം കേൾപ്പതിൻ മുമ്പഹോ
ദാക്ഷിണ്യമില്ലാതെ നൽകിയ ദക്ഷിണ...

സ്പന്ദം നിലച്ചു ഹൃദന്തം തപിച്ചൊരു
നാവു കുഴഞ്ഞൊരു മൂകനാകുന്നു ഞാൻ
മിത്രങ്ങൾ കുത്തി മലർത്തിയ പ്രേതത്തിൽ
എൻ ചിത്തമാർത്തമായ് വാഴ്വതാകാം

(പദാവസാനം പല്ലവി ആവർത്തിക്കുന്നു. കീർത്തിഭദ്രൻ ചാരുദത്തന്റെ

ജഡത്തിലേക്കു വീഴുന്നു. തിരശീലപിടിച്ച് ചാരുദത്തനെ രംഗത്തു നിന്ന് മാറ്റുന്നു. കീർത്തിഭദ്രൻ പൂർവാവസ്ഥയിൽ വീണു കിടക്കുന്നു. അടുത്ത ചരണം കാലം തള്ളി പാടുന്നു. കീർത്തിഭദ്രനിലെ ദു:ഖം ക്രോധാഗ്നിയായി മാറുന്നു. പ്രതികാരദാഹത്തോടെ പ്രജകളോട് പദം ആടുന്നു.)

കീർത്തിഭദ്രൻ: എങ്ങു പൊയ് നിങ്ങൾ തൻ വീര്യവും ശൗര്യവും
കൊലപാതകി കളെ കണ്ടെത്തുവിൻ ചെന്നു
കൊല ചെയ്യുവിൻ പ്രതികാരം നടത്തുവിൻ

(കീർത്തിഭദ്രന്റെ ആഹ്വാനത്തിൽ രോഷാകുലരായ ജനങ്ങൾ, പാതകികളായ ദണ്ഡിക്കും ജയസേനനും, പിണ്ഡാരകനും, നേരെ തിരിയുന്നു. കീർത്തിഭദ്രന്റെ പടപ്പുറപ്പാട്. ആയുധങ്ങൾ തേരിൽ വച്ച് കെട്ടുന്നതിനു പകരം, വില്ല്, അമ്പ്, വാൾ, കുന്തം,തുടങ്ങിയ ആയുധങ്ങൾ ജനങ്ങൾക്കു നൽകുന്നതായി കാണിക്കുക. ഇങ്ങിനെ വിസ്തരിച്ച് പടപ്പുറപ്പാട് എടുത്ത ശേഷം ജനങ്ങളെ നയിച്ചുകൊണ്ടുപോകുന്ന രീതിയിൽ രംഗം വിടുക.)

രംഗം : 4

ക്രോധ തീജ്വാലയാളിച്ചു പ്രജകളിൽ
ഘാതകികളെ ശിക്ഷിപ്പാൻ തുനിഞ്ഞവർ
ഘദയും വാളു പരിചയും കരമാണ്ടു
വലയം ചെയ്താർ ജയസേനനെ ദണ്ഡിയെ

പടകുടീരത്തിൽ പടനയിപ്പതിനായി
പണവും തീർന്നതി വ്യാകുലനായിട്ടു
സഖനായ ദണ്ഡി തന്നോടു ചോദിപ്പാൻ
ജയസേനൻ ദൂതൻ തന്നെ നിയോഗിച്ചാൻ

ധണ്ഡി, ജയസേനൻ, പിണ്ഡാരകൻ, രുദ്രകൻ, എന്നിവർ പലായനം ചെയത് മറ്റൊരു സ്ഥലത്ത്-മലമുകളിൽ-എത്തി അവിടെ പടകുടീരങ്ങൾ കെട്ടി കഴിയുന്നു. ശ്ലോകം ചൊല്ലുമ്പോൾ തിരശീല രംഗ മദ്ധ്യത്തിൽ പിടക്കണം. ആ സമയം പ്രേക്ഷകർക്കു കാണത്തക്കവിധത്തിൽ ഉയർത്തിക്കാണിക്കുന്നു. (രോഷാകുലരായ ജനങ്ങൾ ആയുധങ്ങളേന്തി വരുന്നു എന്നാണ് സങ്കൽപ്പം.) ശ്ലോകാവസാനം പദം ചൊല്ലുന്നു. കലാശത്തിന് വട്ടം തട്ടിക്കഴിഞ്ഞ്, ദണ്ഡിയും മറ്റു മൂന്നുപേരും കൂടി രംഗത്തിന്റെ പിന്നിൽ ഇടതു കോണിൽ നിന്നും മുന്നിൽ വലതു കോണിലേക്ക് ഓടി വന്ന ശേഷം തിരിഞ്ഞ് പിന്നിലേക്കും ഓടി തിരശീലക്കു പിന്നിൽ മറയുന്നു. വീണ്ടും പദം കലാശം എന്നിവകഴിഞ്ഞ് മുൻപോലെ വലത്തുനിന്നും ഇടതു കോണിലേക്കും ഓടി പിൻതിരിഞ്ഞോടി തിരശീലക്കുള്ളിൽ വരുന്നു. നരകാസുരൻ നക്രതുണ്ഡിയെ വിളിക്കും പോലെ. പക്ഷെ
ഇവിടെ ആരെയും വിളിക്കേണ്ടതില്ല. പല സ്ഥലങ്ങളിലേക്കും പോകുന്നു എന്നാണ് സങ്കൽപ്പം. പിണ്ഡാരകനും രുദ്രകനും പിന്നീടും രംഗത്തിൽ വേണ്ടാ.

തിരശീലക്കു പിന്നിൽ വന്ന ജയസേനൻവലതു ഭാഗത്തും ദണ്ഡീ ഇടതു ഭാഗത്തും നിന്ന് തിരശീല പിടിച്ച്രംഗത്തിനു മുമ്പിൽ വന്ന് പീഠത്തിൽ ഇരുന്ന് തിരതാഴ്ത്തി ഉത്തരീയം വീശി സുഖദൃഷ്ടിയിൽ ഇരിക്കുന്നു. ജയസേനൻ (വലതു ഭാഗത്തുനോക്കി) ഭടനോട്“എടോ ദൂതാ ഞാൻ ഒരു ലിഖിതം തരാം, അത് ദണ്ഡിക്കു കൊടുത്താലും”.ലിഖിതം തയാറാക്കി ഭടന്റെ കയ്യിൽ കൊടുത്ത് അനുഗ്രഹിച്ച് അയക്കുന്നു. ഭടൻ കത്തുവാങ്ങി വണങ്ങി പരത്തിച്ചവിട്ടി പിൻമാറി കാൽ വീശിച്ചവിട്ടി ദണ്ഡിയുടെ സമീപമെത്തി വണങ്ങുന്നു.
ദ: " എന്താണ്?"
ഭ: “ ജയസേനൻ ഒരു ലിഖിതം തന്നയച്ചിട്ടുണ്ട്."
ദ: “ശരീ ,കൊണ്ടുവാ”(ധനം ആവശ്യപ്പെട്ടുകൊണ്ടുള്ള ലഖിതം വായിച്ച് പുച്ഛിച്ച് വലിച്ചെറിയുന്നു.)
ദ: (ഭടനോട്) “ധനം തീരെഇല്ല. നീ പോടാ”
ഭടൻ മുൻപത്തെപ്പോറല പിൻവാങ്ങി ജയസേനന്റ്റെ അടുക്കൽ ചെന്ന് വിവരം ധരിപ്പിക്കുന്നു. കോപിഷ്ടനായ ജയസേനൻ ഭടനെ പറഞ്ഞയച്ചശേഷം” ആകട്ടെ

ദണ്ഡിയെ ചെന്നു കണ്ട് വിവരങ്ങൾ അറിയുക തന്നെ". 'അസ്റ്റിസ്റ്റിക്കട'വച്ച് ദണ്ഡിയെ കണ്ട് കയർക്കുന്നു. ദണ്ഡീ ഒന്നുമറിയാത്ത ഭാവത്തിൽ ജയസേനനെ ആലിംഗനം ചെയ്യുവാൻ അടുക്കുന്നു. ജയസേനൻ ക്ഷോഭിച്ച് "വേണ്ട.. നീ എനിക്കു ധനം തരാത്തതെന്താണ്? ആകട്ടെ ഞാൻ പറയുന്നതു നീവഴിപോലെ കേട്ടാലും " നാലാമിരട്ടിയെടുത്ത് പദം:

രാഗം : ഭൈരവി താളം: ചെമ്പട (തിശ്രനട)
(ജയസേനന്റെ പദങ്ങൾ ഭൈരവിയിലും ദണ്ഡിയുടെ പദങ്ങൾ സാരംഗയിലും ആണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്)
ജയസേനൻ : അപരനെന്നെന്നെ ക്കരുതി നീ ധനം
നൽകിടാഞ്ഞതിൻ പൊരുളറിയണം
ഒരു ലവലേശം ധനമെഴാതെ ഞാൻ
ശസ്ത്ര ജാലങ്ങൾ തീർപ്പതെങ്ങിനെ

ദണ്ഡി: തരികയില്ലെന്നു കഥിച്ചതില്ലഞാൻ
മടിയിലില്ലെന്നു വദിച്ചു ഞാനെടോ
സാർത്ഥമെൻ മൊഴീ വളച്ചു ചൊന്നതും
നിന്റെ ദൂതനെന്നറിക നീയെടോ

ജയസേനൻ: പ്രജകളിൽ നിന്നു കോഴയായ് പണം
പിരിച്ചു നീയെന്നു ഞാനറിഞ്ഞു മുന്നമേ
ഭടജനങ്ങൾക്കു പണം കൊടുക്കുവാൻ
പണം തരാതെ നീ പൂഴ്ത്തി വയ്പ്പതോ

ദണ്ഡീ : ചൊടിച്ചു നീയിദം ഉരച്ച വാക്കുകൾ
അടിച്ചപോലെയെൻ തലക്കു കൊണ്ടഹോ
പടക്കളത്തിലും പടുതമേറുമെൻ
മിടുക്കു കണ്ടിടാതുരച്ചിടേണ്ട നീ

ജയസേനൻ : ചാരുദത്തന്റെ കഴുത്തരിഞ്ഞൊരീ
വാളുറഞ്ഞിതാ പിടച്ചു കാൺക നീ
അവനൊളം വരില്ലറിക നീയെനി
ക്കിനിവരാനില്ലെന്നറിക നഷ്ടവും.
ദണ്ഡീ, രാഗം : അഠാണ താളം: ചെമ്പട

മൈത്രിയുലഞ്ഞമനസ്സിൽ സഖനുടെ
കൂർത്ത വചസ്സുതുളപ്പതിനെക്കാൾ
കഠാര കുത്തിയിറക്കീടുന്നതു
ചിതമായ് വന്നിടുമതുചെയ്താലും.

ജയസേനൻ: രാഗം :ആഹരീ, താളം: ചെമ്പട

പത്നി മരിച്ചൊരു വേളയിലെന്നെ
പീഡിപ്പിക്കാതേവം നീ
എന്നെഓർത്തവൾ അവളെത്തന്നെ
ഹാ ഹനിച്ചെന്നറിവായഹോ കഷ്ടം.
("ചാരുദത്തനെക്കാൾ വലുതല്ല, എനിക്ക് മറ്റൊന്നും' എന്നും"അവനെ വധിച്ച വാൾ എന്റെ കയ്യിലിരിക്കുന്നു" എന്നുംജയസേനൻ പറയുമ്പോൾ ദണ്ഡി പരിഭ്രമിക്കുകയും ജയസേനനെ സ്വാധീനിക്കാൻ നയപരമായി സംസാരിക്കുകയും ചെയ്യുന്നു."നെഞ്ചിൽ തറക്കുന്ന വാക്കുകൾ പറയുന്നതിലും ഭേദം തന്നെ വധിക്കുകയാണെന്നും, അല്ലാത്തപക്ഷം താൻ സ്വയം മരണം വരിക്കുന്നതാണെന്നും" പറഞ്ഞ് ദണ്ഡി വാളെടുക്കുന്നു. ഇതു കണ്ട് നല്ലവനായ ജയസേനന്റെ മനസ്സലിയുന്നു. ദണ്ഡിയെ സാഹസത്തിൽ നിന്ന്തടഞ്ഞ്'പത്നി മരിച്ചൊരു' എന്ന പദമാടണം. പദാനന്തരം ദണ്ഡി: എടോ സുഹൃത്തേ താങ്കളുടെ പത്നി മരിക്കുവാൻ കാരണമെന്താണ്? ജയസേനൻ" നാം രാജ്യം വിട്ടു പോയപ്പോൾ ദുഖം താങ്ങാനാവാതെ അവൾ സ്വയം ജീവൻ ത്യജിച്ചു." ദണ്ഡി:"കഷ്ടം തന്നെ. താങ്കൾ ദുഖിക്കരുത്.ദൈവനിശ്ചയം തടയാൻ ആർക്കും സാദ്ധ്യമല്ല. എന്തായാലും ഇനി നാം തമ്മിൽ യാതൊരു കലഹവും പാടില്ല. ഞാൻ ചെയ്ത

തെറ്റുകൾ പൊറുക്കൂ." ജയസേനൻ:"ഇനിമേലിൽ നാം പഴയപോലെ ആത്മമിത്രങ്ങളായിരിക്കും."
ഇരുവരും ആലിംഗനം ചെയ്ത് മൈത്രി ഉറപ്പിക്കുന്നു.ഈ വേദിയിലേക്ക് കീർത്തിഭദ്രനും ചൈതന്യനും കൂടി കടന്നു വരുന്നു.(അഷ്ടിഷ്ടിക്കിട) അവസാനം കീർത്തിഭദ്രനും ദണ്ഡിയും, ചൈതന്യനും ജയസേനനും തമ്മിൽ കയർക്കുന്നു.
ചൈതന്യൻ:'എടാ ദുഷ്ടാത്മാക്കളേ, നിങ്ങൾ എന്റെ ചാരുദത്തനെ കൊന്നില്ലേ? നിങ്ങളെ ഞങ്ങൾ വെറുതെ വിടില്ല. നോക്കിക്കോ. നാലാമിരട്ടിയെടുത്ത് പദം.

പദം രാഗം : പന്തുവരാളി താളം : ചെമ്പട

ചൈതന്യൻ:
നിനക്കു ദത്തൻ സൗഹൃദമേകാതൊരിറ്റു ഭോജ്യം ശ്വാവിന്നേകിയി-
രുന്നെങ്കിൽ വാലെങ്കിലുമാട്ടിയവൻകൂറു പ്രദർശിപ്പിച്ചേനെ

ദണ്ഡി: ഉരിയാടാനൊരു വാക്കറിയാത്തോൻഅടരാടാൻ തുനിയുന്നെന്തിനു നീ,
പൈതൃകമായ് നേടിയ നിൻ ധാർഷ്ട്യംദത്തനൊടൊത്തു നശിപ്പിച്ചീടും

കീർത്തിഭദ്രൻ
തഴുകാനെന്നു നടിച്ചെൻ പ്രിയനെ കഴുകൻ പോൽ കൊത്തിവലിച്ചവനേ
തഴുകാനാകില്ലറിയുക ചോരക്കറപോൽ പാപക്കറയഖിലം

ജയസേനൻ
മധുരമുദീരണ ചണനാം നിൻ മൊഴിയാളും വിഷമോ മധുമയമെന്നു
നിനച്ചീപ്രജകൾ കലിതുള്ളുവതിനുഹേതു നിനക്കിന്നേകാം ശിക്ഷ.

(പദാവസാനം യുദ്ധത്തിനു വട്ടം തട്ടുന്നു. വാശിയോടെ നാലു പേരും യുദ്ധത്തിനു വിളിക്കുന്നു. എന്നാൽ ശത്രുവിന്റെ പടകുടീരത്തിൽ വച്ച് യുദ്ധം വേണ്ടെന്നും യംദ്ധക്കളത്തിൽ വച്ച് ഏറ്റുമുട്ടാമെന്നും പറഞ്ഞ് നാലുപേരും പിൻ വാങ്ങുന്നു. ചൈതന്യനും കീർത്തിഭദ്രനും വീണ്ടും രംഗത്ത് പ്രവേശിച്ച് 'അഷ്ടിഷ്ടിക്കട' വച്ച് സഞ്ചരിക്കുന്ന സമയത്ത് രംഗത്തിനു പിന്നിൽ ഇടതും വലതുമായി പിണ്ഡാരകനും, രുദ്രകനും ഒളിയമ്പയക്കുന്നു.മറഞ്ഞു നിന്നാക്രമിക്കുന്ന എതിരാളികളെ ചൈതന്യനും കീർത്തിഭദ്രനും കാണുകയും അവർ ഏററുമുട്ടുകയും ചെയ്യുന്നു. നാലുപേരും രംഗത്തെത്തുന്നു.
ചൈതന്യ: 'എടാ നന്ദികെട്ടവനേ,ദുഷ്ടാ എനിക്ക് നിന്നോട് പറയാനുള്ളത് നീ കേട്ടാലും. നീ നോക്കിക്കോ" നാലാമിരട്ടിയെടുത്ത് പദം.

ചൈ: പല്ലിളിക്കുന്ന കുരങ്ങനെ പ്പോലെനീ
പുഞ്ചിരിതൂകിയെൻ ദത്തന്റെ ചേവടി
ചുമ്പിച്ചു പിൻപിൽ നിന്നമ്പോടു കൊന്നതിനു
വകയായ് വകവഴുത്തീടുവൻ നിന്നെയും
രുദ്ര: ചോരത്തിളപ്പിനാലോരോന്നു ചൊല്ലാതെ
ദ്വന്ദ്വ യുദ്ധത്തിനായ് കച്ച കെട്ടീടുക
ദത്തനു പിൻഗാമി യായി ഞാൻ നിന്നെയും
അന്തകനായ് ബലീ നൽകീടുവൻ ജള,

യുദ്ധത്തിനു വട്ടം തട്ടുന്നു. നാലുപേരുമായി യുദ്ധം.യുദ്ധാവസാനം പിണ്ഡാരകനേയും രുദ്രകനേയും ബന്ധിച്ച് രംഗത്തിന്റെ ഇടതു ഭാഗത്തുകൂടി കൊണ്ടു പോകുന്നു. രംഗത്തിന്റെ പിന്നിൽ പീഠത്തിൽ(മലമുകളിൽ)നിന്നു ദണ്ഡീ ഇതു കാണുന്നു.ദണ്ഡീ പരിഭ്രമിച്ച് പീഠത്തിൽ നിന്ന് ഇറങ്ങി മലയുടെ താഴ്വാരത്തിലേക്ക് നോക്കുന്നു. ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട ദണ്ഡീ പരിഭ്രമിച്ച്, ദുഖിച്ച്,വിവശനായി,സർവ്വ ധൈര്യവും നഷ്ടപ്പെട്ടവനായി മരണത്തെ മുന്നിൽ കണ്ടുകൊണ്ട് 'വിധിയും വിപരീതം'എന്നപദം ആടുന്നു.
(ഇവിടെ ഉരുളുകൈ മാത്രം മതി)
ദണ്ഡീ: രാഗം: ഖണ്ഡാരം. താളം: ചെമ്പട

വിധിയും വിപരീതം മമ വധവും സുപരീതം
നൃപതേ നിൻ നിണപാനം നിഷ്കരുണം ചെയ്തകൃപാണം
കൃപയോലാത്തെൻഹൃദയം പിളരുന്നതു നീ സദയം

സ്വർലോകേ വാണരുളും സുചരിത്രാ കാണുക നീ.

ദണ്ഡി: ഞാൻ ശത്രുക്കളാൽ ചുററപ്പെട്ടു കഴിഞ്ഞു.ഇനി ജീവനോടെ ഇരിക്കുവാൻ സാദ്ധ്യമല്ല.ശത്രുവിന്റെ കൈ കൊണ്ട് മരിക്കുന്നതിനു മുൻപ് ഈ വാളുകൊണ്ട് എന്റെ ജീവനെ നശിപ്പിക്കുക തന്നെ. നാലാമിരട്ടി കൊട്ടുമ്പോൾ
സ്വന്തം വാളുകൊണ്ട് മാറിൽ കുത്തിയിറക്കി പിടഞ്ഞുവീണു മരിക്കുന്നു. വലതു ഭാഗത്തു മുൻപിലായി വീഴണം.
(മുറുകിയ'കിടധിംതാ'മിൽ ദണ്ഡിയെ തിരഞ്ഞുവരുന്ന ജയസേനൻ ദണ്ഡിയുടെ ചലനമററ ശരീരം കാണുന്നു.പതിഞ്ഞ'കിടധീംതാ'മിൽസമീപം ചെന്നിരുന്ന് മരണം ഉറപ്പാക്കിയ ശേഷം പദമാടുന്നു.)

ജയസേ: രാഗം: ഖണ്ഡാരം. താളം:ചെമ്പട
ശത്രുവാരെന്നതും മിത്രമാരെന്നതും
ഓർത്തറിവാൻ ത്രാണിയില്ലാത്തൊരെന്നുടെ,
മിത്രമായ് ഭാവിച്ചു പാപ പാതളത്തിലേക്കെന്നെ
വലിച്ചിട്ടതോഴൻ മരിച്ചു പോയ്.
എന്തിനിവനെ പഴിക്കുന്നു ഞാനിഹ
ധർമ്മ വിവേചന ബോധം നശിച്ചൊരു
മൃഗതുല്യനായിഹ ഞാനും ഭവിച്ചിതു
ഏന്തിനായ് തോഴനെ കൊന്നതു നാമെടോ.
ഹൃദയം ത്രസിക്കാതെ യായിടട്ടെയെന്റെ
കരളിൽ കൃപാണം തുളഞ്ഞിടട്ടെ
പശ്ചാത്തപിച്ചീടു മെന്നുള്ളിലഗ്നികെ-
ടുത്താൻ മരണം വരിച്ചിടട്ടെ.

(പദാവസാനം ജയസേനൻ:"ഞാൻ എന്റെ ആത്മമിത്രത്തെ നിഷ്കരുണം വധിച്ചു.എന്റെ പ്രിയതമയും എന്നെ വിട്ടുപോയി. ഇതാ ഇപ്പോൾ ഇവനും ജീവൻ വെടിഞ്ഞിരിക്കുന്നു. ശത്രുക്കളാൽ ഞാൻ ചുററപ്പെട്ടുകഴിഞ്ഞു. ശത്രുവിന്റെ കൈ കൊണ്ട് മരിക്കുന്നതിനു മുൻപ് ഞാനെന്റെ ജീവൻ വെടിയണം. ആല്ലയോ ആത്മമിത്രമേ,ചാരുദത്താ,നിന്നെ ഞാൻ ചതിച്ചു കൊന്ന ഈ വാളുകൊണ്ട് എന്റെ ജീവൻ നിനക്കായി ഞാൻ സമർപ്പിക്കുന്നു." ചെറിയ നാലാമിരട്ടിയുടെയവസാനം ജയസേനൻ തന്റെ വാൾ മാറിൽ കുത്തിയിറക്കി പിടഞ്ഞു (മുന്നിടത്തേ അരങ്ങിൽ) വീണു മരിക്കുന്നു. അപ്പോൾ ചൈതന്യനും കീർത്തിഭദ്രനും അവിടേക്ക് എത്തുന്നു. ദണ്ഡിയും ചൈതന്യനും മരിച്ചു കിടക്കുന്നതു കണ്ട് അന്ധാളിക്കുന്നു. ചൈതന്യന്റെ പദം.
ഭൂമിമാതാവിന്നഭിമാനഭാജന
മായിജനിച്ച മഹാരഥികളിവർ.
ഉൺമയും തിന്മയുമേതെന്നറിയാതെ
പാപഗർത്തത്തിൽ പതിച്ചോരിവർ.
സത്തനായുള്ളതൻ തോഴനെ പുൽകിയ
കൈകളാൽചോര പിഴിഞ്ഞെടുത്തോരിവർ
ദത്തനെകൊന്നോരു വാളാൽ സ്വയംഹൃത്തു
കുത്തിപ്പിളർന്നു മരിപ്പാൻ വിധിച്ചവർ.
എങ്കിലും വീരോചിതമായിവരുടെ
ഉദകക്രിയ നാംനടത്തിടേണം
നന്മനിറഞ്ഞൊരു നല്ല യുഗത്തിനായ്
ഇന്നുപ്രയത്നിച്ചിടാവു നമ്മൾ
(ജയസേനന്റേയും ദണ്ഡിയുടേയും ഉദകക്രിയകൾ ചെയ്യുന്നു.)

ശുഭം